Page 1 of 3

LIBRARY ARCHIVES Kerala Legislative Assembly

കായലിന്റെ ശുചീകരണത്തിനുവേണ്ടി പണം നീക്കിവച്ചിരുന്നു. അങ്ങനെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് ഞാൻ ഒരു യോഗം വിളിച്ചുചേർത്തു. അതിന്റെ അടിസ്ഥാനത്തിൽ 2021 ആഗസ്റ്റ് 30-നുള്ളിൽ ബ്ലോക്കടിസ്ഥാനത്തിൽ കമ്മിറ്റികളുണ്ടാകും. സെപ്തംബർ 30-നുള്ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ കമ്മിറ്റി കളുണ്ടാകും. 2021 ഒക്ടോബർ 30-നുള്ളിൽ വാർഡടിസ്ഥാനത്തിൽ കമ്മിറ്റികളുണ്ടാകും. 2021 നവംബർ 1-ന് ആരംഭിച്ച് 2022 നവംബർ 1-ന് തീർക്കത്തക്കവിധത്തിൽ വേമ്പനാട് കായലിൽ ജനകീയ പങ്കാളിത്തത്തോടെ കായൽ ശുചീകരണ പദ്ധതി ആരംഭിക്കാൻ പോകുന്നുവെന്ന കാര്യം കൂടി അറിയിക്കാൻ ആഗ്രഹിക്കുകയാണ്. വിവിധ വകുപ്പുകളെ കോർത്തിണക്കിക്കൊണ്ട് വേണ്ടത്ര എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി പദ്ധതി ക്രോഡീകരണം നടത്തി രണ്ടാം ഘട്ടവും നടപ്പിലാക്കും. ദീർഘമായ മറുപടിയായതിനാൽ മേശപ്പുറത്ത് വയ്ക്കുന്നു.*

(7) റേഷൻ കാർഡ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നമ്മുടെ രാജ്യത്തെ ഓരോ കുടുംബത്തിനും ഉണ്ടായിരിക്കേണ്ട ആധികാരിക സർക്കാർ രേഖയാണ് റേഷൻ കാർഡ്. ഇതില്ലാത്ത കുടുംബത്തിന് സർക്കാരിന്റെ നിരവധി ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥ സംജാതമായിത്തീർന്നിട്ടുണ്ട്. പലവിധ സാങ്കേതികത്വത്തിൽ കുടുങ്ങി ഇപ്പോഴും റേഷൻ കാർഡ് ലഭിക്കാത്ത നിരവധി കുടുംബങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. പ്രധാനമായും പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് വീട് നഷ്ടപ്പെട്ടവർ, സ്വന്തമായി വീടില്ലാതെ വാടക വീട്ടിൽ താമസിക്കുന്നവർ, പലവിധ കാരണങ്ങളാൽ താമസ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർ തുടങ്ങിയവർക്കാണ് ഇത്തരത്തിലുള്ള കഷ്ടപ്പാടുണ്ടാ യിരിക്കുന്നത്. ഇതിൽ വാടകയ്ക്ക് താമസിക്കുന്നവരുടെ വീടിന്റെ നമ്പർ ഉപയോഗിച്ച് മറ്റൊരു കുടുംബം റേഷൻ കാർഡ് എടുത്തിട്ടുള്ള സ്ഥിതിയുമുണ്ട്. ആർ.സി.എം.എസ്. സോഫ്റ്റ്വെയറിൽ ഓപ്ഷനുകളില്ലാത്തതിനാൽ ഇവർക്ക് പുതിയ റേഷൻ കാർഡ് അനുവദിക്കുവാൻ സാധിക്കുന്നില്ല. മാത്രമല്ല ഇത്തരത്തിലുള്ളവർ റേഷൻ കാർഡിന് അപേക്ഷിക്കുമ്പോൾ വാടകച്ചീട്ട്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വീട്ടുടമസ്ഥന്റെ സമ്മതപത്രം തുടങ്ങി നിരവധി രേഖകളാണ് അപ്ലോഡ് ചെയ്യപ്പെടേണ്ടത്. ഇപ്പോഴാണെങ്കിൽ റേഷൻ കാർഡ് ആധാർ കാർഡുമായി ലിങ്ക് ചെയ്തിരിക്കുന്ന തിനാൽ ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡ് കണ്ടെത്തുന്നതിനും അത് റദ്ദ് ചെയ്യുന്നതിനും എളുപ്പം സാധിക്കുന്നതാണ്. അതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്തെ റേഷൻ കാർഡില്ലാത്ത മുഴുവൻ കുടുംബങ്ങളെയും കണ്ടെത്തി റേഷൻ കാർഡ് നൽകേണ്ട

* അനുബന്ധം ഇ ആയി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കേണ്ടതുണ്ട്. പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ നടപടിക്രമങ്ങൾ ലഘൂകരിച്ച് ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽ റേഷൻ കാർഡില്ലെന്ന് ഉറപ്പുവരുത്തി എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് നല്കുവാനാവശ്യമായ നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയ വിഷയം വളരെ അടിയന്തര പ്രാധാന്യമർഹിക്കുന്നതാണ്. സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭ്യമാക്കണമെന്നും അതിനുള്ള നടപടികൾ ലളിതവും സുതാര്യവുമാകണമെന്നതുമാണ് സർക്കാരിന്റെ നയം. നിലവിൽ അപേക്ഷിച്ച് 24 മണിക്കൂറിനകംതന്നെ റേഷൻ കാർഡ് നല്കുന്നതിനുള്ള സംവിധാനം വകുപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കിയതിന്റെ ഭാഗമായി അപേക്ഷകന്റെയും കുടുംബാംഗങ്ങളുടെയും ആധാർ വിവരങ്ങൾ പൂർണ്ണമായും ശേഖരിക്കുന്നതിനാൽ മറ്റേതെങ്കിലും കാർഡിൽ അപേക്ഷകനോ, അംഗങ്ങളോ, ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വേഗത്തിൽ അറിയാൻ കഴിയും. ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ച പ്രധാനപ്പെട്ട പ്രശ്നം വാടക വീട്ടിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടതാണ്. ഒരു ടി.സി. നമ്പരിൽ ഒരു റേഷൻ കാർഡാണ് സാധാരണ നല്കിവരുന്നത്. എന്നാൽ, ഒരു വീട്ടിൽ രണ്ട് കുടുംബങ്ങൾ താമസിക്കുന്നപക്ഷം ഇവർക്ക് ഒരു ടി.സി. നമ്പർ ഉപയോഗിച്ചുകൊണ്ട് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം വഴി ഓൺലൈനായി റേഷൻ കാർഡിന് അപേക്ഷിക്കുന്നതിന് സാങ്കേതികമായി തടസ്സമൊന്നുമില്ല. പ്രസ്തുത ടി.സി. നമ്പരിൽ രണ്ട് കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന വിവരം താലൂക്ക് സപ്ലൈ ഓഫീസർ, റവന്യൂ ഇൻസ്പെക്ടർ എന്നിവർക്ക് ബോദ്ധ്യപ്പെടേണ്ടതുണ്ട്. ഇത്തരം കേസ്സുകളിൽ റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ താലൂക്ക് സപ്ലൈ ഓഫീസർക്ക് തീരുമാനമെടുക്കാവുന്നതാണ്. പ്രകൃതിക്ഷോഭമുൾപ്പെടെയുള്ള ദുരിതങ്ങളിൽപ്പെട്ട് കാർഡ് നഷ്ടപ്പെട്ടവർക്ക് ഡ്യൂപ്ലിക്കേറ്റ് കാർഡ് നല്കിവരുന്നുണ്ട്. റേഷൻ കാർഡിനായി അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകന്റെ മേൽവിലാസം സ്ഥിരീകരിക്കുന്നതിന് പഞ്ചായത്ത് ഓഫീസറിൽനിന്നും ലഭിക്കുന്ന റെസിഡൻഷ്യൽ സർട്ടിഫിക്കറ്റോ, പകരം താഴെപ്പറയുന്നവയിലേതെങ്കിലും രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പോ, ഹാജരാക്കിയാൽ മതിയാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. നടപ്പു സാമ്പത്തികവർഷം അടച്ച പ്രോപ്പർട്ടി ടാക്സ് രസീത്
2. ഇലക്ട്രിസിറ്റി ബിൽ
3. വാട്ടർ ബിൽ
4. ലാൻഡ് ഫോൺ ബിൽ
5. എൽ.പി.ജി. ബിൽ
6. ഗസറ്റഡ് ഓഫീസറാണെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യ പ്രസ്താവന
7. നോൺ ഗസറ്റഡ് ഓഫീസറാണെങ്കിൽ ബന്ധപ്പെട്ട ഡി.ഡി.ഒ.-യുടെ സാക്ഷ്യപത്രം
8. പൊതുമേഖല സ്ഥാപന ഉദ്യോഗസ്ഥനാണെങ്കിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം
9. ദേശസാൽകൃത ബാങ്കിന്റെ ഫോട്ടോ പതിച്ച പാസ്സ് ബുക്ക്
10. ആധാർ കാർഡ്
11. ഇലക്ടറൽ ഐ.ഡി
12. സാധുവായ വാടകക്കരാർ.

മേൽപ്പറഞ്ഞ രേഖകൾ പ്രകാരമുള്ള വിലാസവും അപേക്ഷയിൽപ്പറയുന്ന വിലാസവും ഒന്നായിരിക്കേണ്ടതാണ്. വീട് നിർമ്മാണം പൂർത്തിയാകാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് കെട്ടിട നമ്പർ കിട്ടാത്തവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർ പരിശോധിച്ച് അർഹമെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം കാർഡ് അനുവദിക്കാവുന്നതാണ്. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പുതിയ റേഷൻ കാർഡിനായി വീട് നമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി കാർഡ് അനുവദിക്കുന്നതാണ്. ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർ ആധാറിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകും.

(8) റെയിൽപ്പാത ഇരട്ടിപ്പിക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, തിരുവനന്തപുരം-നാഗർകോവിൽ-കന്യാകുമാരി റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട കാര്യമാണ് ശ്രദ്ധയിൽപ്പെടുത്താനുള്ളത്. തെക്കൻ കേരളത്തിലെ പ്രധാന റെയിൽ ഗതാഗതമായ